©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2016 ആഗസ്റ്റ് 17<br>17th August 2016<br>1192 ചിങ്ങം 1<br>1st Chingam 1192<br>1938 ശ്രാവണം 26<br>26th Sravana 1938 | നമ്പർ<br>No. 1449 |


## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 132/2016/തൊഴിൽ.

*തിരുവനന്തപുരം, 2016 ആഗസ്റ്റ് 6*
*1191 കർക്കടകം 22.*

**എസ്. ആർ. ഒ. നമ്പർ 550/2016.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2009 ഒക്ടോബർ 7-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) 134/2009/തൊഴിൽ എന്ന നമ്പരായി പുറപ്പെടുവിച്ചതും 2009 ഒക്ടോബർ 8-ാം തീയതിയിലെ 1866-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 840/2009 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/2764/2016/S-2.

ആവശ്യപ്പെടുന്ന പ്രകാരം 2015 സെപ്റ്റംബർ 30-ാം തീയതിയിലെ 2212-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2015 സെപ്റ്റംബർ 22-ാം തീയതിയിലെ 29066/ഇ1/2013/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും, കേരള സംസ്ഥാനത്തെ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം, കേരള സർക്കാർ, ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

1. സ്വർണ്ണവും വെള്ളിയും ആഭരണങ്ങൾ നിർമ്മിക്കുന്നതിലെ വിവിധ പ്രക്രിയകളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ താഴെ പറയുംപ്രകാരം തരം തിരിക്കുന്നു, അതായത്:—

### ഗ്രൂപ്പ് I. അതിവിദഗ്ദ്ധ തൊഴിലാളികൾ

(എ) (1) സൂപ്പർവൈസർ/ഫോർമാൻ

(2) മുഖ്യ ജോലിക്കാരൻ

(3) പ്രത്യേകമായി രൂപകൽപ്പന ചെയ്ത് കരവിരുതുള്ള ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

### ഗ്രൂപ്പ് II. വിദഗ്ദ്ധ തൊഴിലാളികൾ

(എ) (1) സ്വർണ്ണം ശുദ്ധ സ്വർണ്ണമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(2) ശുദ്ധ സ്വർണ്ണം സ്വർണ്ണമാക്കി മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(3) സ്വർണ്ണാഭരണം നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(4) സ്വർണ്ണത്തിൽ നിറം പിടിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(5) സ്വർണ്ണം സ്വർണ്ണനാരാക്കി മാറ്റി സ്വർണ്ണക്കമ്പി നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(6) സ്വർണ്ണം മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(7) സ്വർണ്ണാഭരണങ്ങൾ പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(8) സ്വർണ്ണാഭരണങ്ങൾ കളറിംഗ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(9) വെള്ളി ശുദ്ധീകരിക്കുന്നതിൽ/വെള്ളി ഉരുപ്പടികൾ ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(10) വെള്ളി ആഭരണങ്ങളും ഉരുപ്പടികളും നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(11) വെള്ളി മുറിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(12) വെള്ളി ഉരുപ്പടികളും ആഭരണങ്ങളും പോളിഷ് ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ

(13) സ്വർണ്ണത്തിൽ പൊതിഞ്ഞ/വെള്ളി പൂശിയ ആഭരണങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ.

(ബി) (1) അക്കൗണ്ടന്റ്/ക്ലാർക്ക്

(2) കാഷ്യർ/ടൈപ്പിസ്റ്റ്

(3) കമ്പ്യൂട്ടർ ഓപ്പറേറ്റർ

(4) സ്റ്റെനോഗ്രാഫർ

(5) ഡ്രൈവർ

(6) സെയിൽസ്മാൻ (നിർമ്മാണ സ്ഥാപനങ്ങളിലെ).

**ഗ്രൂപ്പ് III. അവിദഗ്ദ്ധ തൊഴിലാളികൾ**

(എ) (1) സ്വർണ്ണ സംസ്കരണം/ശുദ്ധീകരണം, സ്വർണ്ണാഭരണങ്ങളുടെ നിർമ്മാണത്തിലും അനുബന്ധ ജോലികളിലും സഹായിക്കുന്നവർ

(2) വെള്ളി സംസ്കരണം/ശുദ്ധീകരണം, വെള്ളി ആഭരണങ്ങൾ/ഉരുപ്പടികളുടെ നിർമ്മാണത്തിലും അനുബന്ധ ജോലികളിലും സഹായിക്കുന്നവർ.

(ബി) (1) അറ്റൻഡർ/ഓഫീസ് അറ്റന്റന്റ്

(2) വാച്ച്മാൻ/സെക്യൂരിറ്റി ജീവനക്കാരൻ

(3) ഫുൾടൈം സ്വീപ്പർ.

# ഏറ്റവും കുറഞ്ഞ കൂലിയുടെ സ്ഥിരനിരക്ക്

**1. ടൈം റേറ്റ്—അടിസ്ഥാനവേതനം**

| *ക്രമ നമ്പർ* | *തൊഴിലാളികളുടെ വിഭാഗം* | *മാസവേതനം (₹)* | *ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്) (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| ഗ്രൂപ്പ് I | <u>അതിവിദഗ്ദ്ധ തൊഴിലാളികൾ</u> | | |
| | (എ) വിഭാഗം | 12520 | 480 |
| | (ബി) വിഭാഗം | 12170 | 470 |
| ഗ്രൂപ്പ് II | <u>വിദഗ്ദ്ധ തൊഴിലാളികൾ</u> | | |
| | (എ) വിഭാഗം | 11640 | 450 |
| | (ബി) വിഭാഗം | 10760 | 410 |
| ഗ്രൂപ്പ് III | <u>അവിദഗ്ദ്ധ തൊഴിലാളികൾ</u> | | |
| | (എ) വിഭാഗം | 9890 | 380 |
| | (ബി) വിഭാഗം | 9360 | 360 |

**2. പീസ് റേറ്റിൽ ജോലി ചെയ്യുന്നതിന്**

(എ) ***സ്വർണ്ണ ഉരുപ്പടികളുടെ നിർമ്മാണം***

| *ക്രമനമ്പർ* | *ഉരുപ്പടി നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിച്ച സ്വർണ്ണത്തിന്റെ തൂക്കം* | *ഉരുപ്പടികളുടെ ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം* | | |
|---|---|---|---|---|
| | | *കല്ലുകൾ/മുത്തുകൾ വച്ച് കെട്ടിയ ഉരുപ്പടികൾക്ക് (₹)* | *സാധാരണ ഉരുപ്പടികൾക്ക് (₹)* | *പ്രത്യേകമായി രൂപകല്പന ചെയ്തതും, അലങ്കാരപരമായതും കരവിരുതുള്ളതുമായ ഉരുപ്പടികൾക്ക് (₹)* |
| (1) | (2) | (3) | (4) | (5) |
| 1 | 2 ഗ്രാം വരെ | 120 | 105 | 135 |
| 2 | 2 ഗ്രാമിനു മുകളിൽ 5 ഗ്രാം വരെ | 105 | 90 | 120 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 5 ഗ്രാമിനു മുകളിൽ 10 ഗ്രാം വരെ | 90 | 75 | 105 |
| 4 | 10 ഗ്രാമിനു മുകളിൽ 15 ഗ്രാം വരെ | 75 | 60 | 90 |
| 5 | 15 ഗ്രാമിനു മുകളിൽ 20 ഗ്രാം വരെ | 60 | 50 | 75 |
| 6 | 20 ഗ്രാമിനു മുകളിൽ 30 ഗ്രാം വരെ | 50 | 45 | 60 |
| 7 | 30 ഗ്രാമിനു മുകളിൽ 40 ഗ്രാം വരെ | 45 | 40 | 50 |
| 8 | 40 ഗ്രാമിനു മുകളിൽ 50 ഗ്രാം വരെ | 40 | 30 | 45 |
| 9 | 50 ഗ്രാമിനു മുകളിൽ | 30 | 25 | 40 |

(ബി) ***വെള്ളി രൂപങ്ങൾ/ആഭരണങ്ങൾ/ഉരുപ്പടികൾ എന്നിവയുടെ നിർമ്മാണം***

| *ക്രമനമ്പർ* | *രൂപങ്ങൾ/ആഭരണങ്ങൾ/ ഉരുപ്പടികൾ എന്നിവയുടെ നിർമ്മാണത്തിനുവേണ്ടി ഉപയോഗിച്ച വെള്ളിയുടെ തൂക്കം* | *ഓരോ ഗ്രാമിനുമുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വേതനം* | | |
|---|---|---|---|---|
| | | *കട്ടിയായ ഉരുപ്പടികൾക്ക് (₹)* | *സാധാരണ ഉരുപ്പടികൾക്ക് (₹)* | *പ്രത്യേകമായി രൂപകൽപ്പന ചെയ്തതും, അലങ്കാരപരമായതും കരവിരുതുള്ളതുമായ ഉരുപ്പടികൾക്ക് (₹)* |
| (1) | (2) | (3) | (4) | (5) |
| 1 | 10 ഗ്രാം വരെ | 20 | 15 | 25 |
| 2 | 10 ഗ്രാമിനു മുകളിൽ 15 ഗ്രാം വരെ | 15 | 10 | 20 |
| 3 | 15 ഗ്രാമിനു മുകളിൽ 20 ഗ്രാം വരെ | 15 | 10 | 15 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 20 ഗ്രാമിനു മുകളിൽ 30 ഗ്രാം വരെ | 10 | 10 | 15 |
| 5 | 30 ഗ്രാമിനു മുകളിൽ 40 ഗ്രാം വരെ | 10 | 10 | 10 |
| 6 | 40 ഗ്രാമിനു മുകളിൽ 50 ഗ്രാം വരെ | 10 | 5 | 10 |
| 7 | 50 ഗ്രാമിനു മുകളിൽ | 5 | 5 | 10 |

**3. ക്ഷാമബത്ത**

അടിസ്ഥാനവേതനത്തിനു പുറമേ കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന സീരീസ് ഉപഭോക്തൃ വിലസൂചികയിലെ 250 പോയിന്റനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് ഒരു രൂപ നിരക്കിലും മാസവേതന വിഭാഗത്തിലെ തൊഴിലാളികൾക്ക് ഇരുപത്തി ആറ് രൂപ നിരക്കിലും മാറിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത (വേരിയബിൾ ഡി.എ.) നൽകേണ്ടതാണ്. പീസ് റേറ്റിലുള്ള തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്തെന്നാൽ അവർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്.

**4. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കുറയാതെ സേവനകാലമുള്ള ടൈം റേറ്റ് വിഭാഗം തൊഴിലാളികൾക്കും, (മാസ വേതനക്കാർക്കും ദിവസ വേതനക്കാർക്കും) അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനത്തിനും അടിസ്ഥാന വേതനത്തിന്റെ അര ശതമാനം നിരക്കിൽ മൊത്തം പതിനഞ്ച് ശതമാനത്തിൽ കവിയാത്ത സർവ്വീസ് വെയിറ്റേജ് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്. ഈ വിജ്ഞാപനം നിലവിലിരിക്കുന്ന കാലയളവിൽ മേൽപ്പറഞ്ഞ സേവനകാലം പൂർത്തിയാക്കിയിട്ടുള്ളതും പൂർത്തിയാക്കുന്നതുമായ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്.

**5. ഗാരന്റി ചെയ്ത ഏറ്റവും കുറഞ്ഞ കൂലി**

ഒരു തൊഴിലുടമയുടെ കീഴിൽ ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ സംഗതിയിൽ ഒരു ദിവസത്തെ പീസ് വർക്കിന് ലഭിക്കുന്ന വേതനം മുന്നൂറ്റി അറുപത് രൂപയിൽ താഴെയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആ ദിവസത്തേക്ക് ഗാരന്റി ചെയ്ത ഏറ്റവും കുറഞ്ഞ കൂലിയായ മുന്നൂറ്റി അറുപത് രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**6. വെയ്സ്റ്റേജ്**

സ്വർണ്ണമോ വെള്ളിയോ ആഭരണങ്ങൾ നിർമ്മിക്കുന്ന പണിചെയ്യുമ്പോൾ ഉണ്ടാകുന്ന വെയ്സ്റ്റേജ്/തൂക്കത്തിലെ കുറവ് എന്ന പേരിലുള്ള ആനുകൂല്യം പ്രാദേശിക സമ്പ്രദായമോ കരാറോ പ്രകാരം അനുവദിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ സംഗതിയിൽ പ്രസ്തുത ആനുകൂല്യം അപ്രകാരം തുടർന്നും നൽകേണ്ടതാണ്.

**7. ഉയർന്ന വേതനം**

ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനങ്ങളും ആനുകൂല്യങ്ങളും ഏതെങ്കിലും പ്രദേശത്തെയോ സ്ഥാപനത്തിലെയോ തൊഴിലാളികൾക്ക് നൽകി വരുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വേതനവും ആനുകൂല്യങ്ങളും തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ സ്വർണ്ണവും വെള്ളിയും ആഭരണങ്ങളുടെ നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ വേതന നിരക്ക് 2009 ഒക്ടോബർ 8-ാം തീയതിയിലെ 1866-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 840/2009 ആയി പ്രസിദ്ധീകരിച്ച 2009 ഒക്ടോബർ 7-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) 134/2009/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിച്ചിരുന്നു.

ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും 2015 സെപ്റ്റംബർ 22-ാം തീയതിയിലെ 29066/ഇ1/2013/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനു ശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

## **Labour and Skills (E) Department**

## NOTIFICATION

G. O. (P) No. 132/2016/LBR.

*Dated, Thiruvananthapuram, 6th August, 2016 / 22nd Karkadakam, 1191.*

**S. R. O. No. 550/2016**.—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the Notification issued under G. O. (Ms.) No. 134/2009/ LBR, dated 7th October, 2009 and published as S.R.O. No. 840/2009 in the Kerala Gazette Extraordinary No. 1866 dated 8th October, 2009, the Government of Kerala after considering the objections and suggestions received on the draft proposal published as per Notification No. 29066/E1/2013/LBR dated 22nd September, 2015, in the Kerala Gazette Extraordinary No. 2212 dated the 30th September, 2015, as required under clause (b) of sub-section (l) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the manufacture of Gold and Silver Ornaments in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date on which the revised rates shall come into force.

## SCHEDULE

1. The employees employed in the various processes of manufacture of gold and silver ornaments are categorized as follows:—

**Group I—Highly Skilled Workers**

(a) (1) Supervisor/Foreman

(2) Chief Employee

(3) Persons engaged in the manufacture of specially designed, handicraft ornaments.

**Group II—Skilled Workers**

(a) (1) Workers engaged in converting gold into pure gold

(2) Workers engaged in converting pure gold into gold

(3) Workers engaged in making gold jewellery

(4) Workers engaged in dyeing gold

(5) Workers engaged in making gold wire conversion of gold into golden threads

(6) Workers engaged in cutting of gold

(7) Workers engaged in polishing of gold ornaments

(8) Workers engaged in colouring of gold ornaments

(9) Workers engaged in purification of silver/making of silver articles

(10) Workers engaged in manufacture of silver ornaments and articles

(11) Workers engaged in silver cutting

(12) Workers engaged in polishing of silver articles and ornaments

(13) Workers engaged in manufacture of gold covered/silver coated ornaments.

(b) (1) Accountant/Clerk

(2) Cashier/Typist

(3) Computer Operator

33/2764/2016/S-2.

(4) Stenographer

(5) Driver

(6) Salesman (in the Manufacturing Establishments).

**Group III—Unskilled Workers**

(a) (1) Helpers in the work of processing/refining of gold, manufacturing of gold ornaments and related works

(2) Helpers in the work of processing/refining of silver, manufacturing of silver ornaments/articles and other related works.

(b) (1) Attender/Office Attendant

(2) Watchman/Security Staff

(3) Full- time Sweeper.

FIXED RATE OF MINIMUM WAGES

**1. Time rate–Basic Wages**

| *Sl. No.* | *Category of Workers* | *Monthly wages (₹)* | *Daily wages (for 8 hours work) (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Group I—*Highly skilled workers* | | |
| | (a) Category | 12520.00 | 480.00 |
| | (b) Category | 12170.00 | 470.00 |
| 2 | Group II—*Skilled workers* | | |
| | (a) Category | 11640.00 | 450.00 |
| | (b) Category | 10760.00 | 410.00 |
| 3 | Group III—*Unskilled workers* | | |
| | (a) Category | 9890.00 | 380.00 |
| | (b) Category | 9360.00 | 360.00 |

**2. Piece rated working**

(a) *Manufacture of Gold articles*

| *Sl. No.* | *Weight of gold used for manufacture of the articles* | *Minimum rates of basic wages for every grams of the article* | | |
|---|---|---|---|---|
| | | *Hard articles with stones/ pearls* (₹) | *For plain articles* (₹) | *Specially designed, artful and handicraft articles* (₹) |
| (1) | (2) | (3) | (4) | (5) |
| 1 | Up to 2 grams | 120 | 105 | 135 |
| 2 | Above 2 grams and up to 5 grams | 105 | 90 | 120 |
| 3 | Above 5 grams and up to 10 grams | 90 | 75 | 105 |
| 4 | Above 10 grams and up to 15 grams | 75 | 60 | 90 |
| 5 | Above 15 grams and up to 20 grams | 60 | 50 | 75 |
| 6 | Above 20 grams and up to 30 grams | 50 | 45 | 60 |
| 7 | Above 30 grams and up to 40 grams | 45 | 40 | 50 |
| 8 | Above 40 grams and up to 50 grams | 40 | 30 | 45 |
| 9 | Above 50 grams | 30 | 25 | 40 |

(b) *Manufacture of Silver shapes/ornaments/articles*

| *Sl. No.* | *Weight of silver used for the manufacture of Shapes/ ornaments/ articles* | *Minimum rates of basic wages for every gram* | | |
|---|---|---|---|---|
| | | *Hard articles (₹)* | *For plain articles (₹)* | *Specially designed, artful and handicraft articles (₹)* |
| (1) | (2) | (3) | (4) | (5) |
| 1 | Up to 10 grams | 20 | 15 | 25 |
| 2 | Above 10 grams and up to 15 grams | 15 | 10 | 20 |
| 3 | Above 15 grams and up to 20 grams | 15 | 10 | 15 |
| 4 | Above 20 grams and up to 30 grams | 10 | 10 | 15 |
| 5 | Above 30 grams and up to 40 grams | 10 | 10 | 10 |
| 6 | Above 40 grams and up to 50 grams | 10 | 5 | 10 |
| 7 | Above 50 grams | 5 | 5 | 10 |

**3. Dearness Allowance**

In addition to the basic wages, variable Dearness Allowance at the rate of one rupee to the category of daily waged workers and at the rate of ₹ 26 (Rupees Twenty six) to the monthly waged workers. Salaried category shall be paid for the increase of every one point above the 250 (two hundred and fifty) point of the new series of Consumer Price Index Number 1998–99=100 being published district wise by the Economics and Statistics Department of Government of Kerala. Piece rated workers are not eligible for Dearness Allowance because the wages fixed for them includes Dearness Allowance.

**4. Service Weightage**

The Time rated employees (Monthly waged and Daily waged) who have completed not less than five years continuous service in any establishment or under an employer as on the date of coming into force of this notification, shall be paid service weightage adding to their basic wages at the rate of 0.5% for every completed year of service, which shall not exceed 15% in total. Those employees who have completed or will complete the above said service period during the pendency of this notification shall also be eligible for the service weightage.

**5. Guaranteed Minimum Wage**

In the case of employees working in an establishment under an employer who are getting less than Three hundred and sixty rupees for piece work in a day, are eligible for guaranteed minimum wage of ₹ 360 (Rupees three hundred and sixty) for that day.

**6. Wastage**

In the case of employees who are now being allowed the benefit by name wastage/loss of weight during work etc. according to local practice or agreement towards loss of weight of gold or silver during the process of making ornaments shall continue to get the benefits as such.

**7. Higher Wages**

In the case of employees of any locality/establishment who are being paid higher wages and benefits than the minimum rate of wages fixed as per this notification shall continue to enjoy such benefits.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have fixed the minimum rates of wages payable to the employees employed in the manufacture of Gold and Silver Ornaments in the State of Kerala as per Notification issued under G. O. (Ms.) No. 134/2009/LBR dated 7th October, 2009 and published as S.R.O. No. 840/2009 in the Kerala Gazette Extraordinary No. 1866 dated 8th October, 2009. Government have now decided to revise the existing minimum rates of wages in the said industry after considering objections and suggestions on the draft proposal published as per Notification No. 29066/E1/2013/LBR dated 22nd September, 2015 and after considering the advice of the Minimum Wages Advisory Board constituted for this purpose.

The notification is intended to achieve the above object.